**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6228** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജാനകിക്കാട് ഇക്കോ-ടൂറിസം സെന്ററിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ജാനകിക്കാട് ഇക്കോ-ടൂറിസം സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ; | (എ) | ജാനകിക്കാട് ഇക്കോടൂറിസം കേന്ദ്രത്തിൽ മുൻ വർഷങ്ങളേക്കാളും സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടിവെള്ള സൗകര്യം, 2 ടോയിലറ്റ് ബ്ലോക്ക്, ഒരു ഇന്റർപ്രെട്ടേഷൻ ഹാൾ, ഡ്രസ്സിങ്റൂം, ഇരിപ്പിടങ്ങൾ, വെയിസ്റ്റ് മാനേജ് മെന്റിനായി വെയിസ്റ്റ്ബിൻ, മിനി MCF, ബോട്ടിൽ ബൂത്ത് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ടി സെന്ററിൽ നിലവിലുണ്ട്. |
| (ബി) | മരുതോങ്കര ഗ്രാമപഞ്ചായത്തിലെ പ്രസ്തുത ഇക്കോ-ടൂറിസം സെന്റർ വികസിപ്പിക്കുന്നതിന് വകുപ്പ് മുഖാന്തരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ജാനകിക്കാട് ഇക്കോടൂറിസം കേന്ദ്രത്തിലെ ഇക്കോടൂറിസം പദ്ധതികൾ വിപുലപ്പെടുത്തുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രൊപ്പോസൽ ഇക്കോടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കോഴിക്കോട് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ ഈ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നില്ല. നിലവിൽ കോഴിക്കോട് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി ഇക്കോടൂറിസം കേന്ദ്രത്തിലെ പഴയ ടിക്കറ്റ് കൗണ്ടർ നവീകരിക്കുന്നതിനും, ഇന്റർപ്രെട്ടേഷൻ സെന്റർ നവീകരിക്കുന്നതിനുമായി സ്റ്റേറ്റ് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയുടെ സെൻട്രലൈസ്ഡ് ഇക്കോ സിസ്റ്റം മാനേജ് മെന്റ് ഫണ്ടിൽ നിന്നും 9.99 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും ആയതിൽ തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത ഇക്കോ-ടൂറിസം സെന്ററിന്റെ വികസനത്തിന് പദ്ധതി തയ്യാറാക്കുന്നതിന് നിർദേശം നൽകാൻ നടപടി സ്വീകരിക്കാമോയെന്ന് അറിയിക്കാമോ? | (സി) | ജാനകിക്കാട് ഇക്കോടൂറിസം കേന്ദ്രത്തിലെ ഇക്കോടൂറിസം പദ്ധതികൾ വിപുലപ്പെടുത്തുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രൊപ്പോസൽ ഇക്കോടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കോഴിക്കോട് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ ഈ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നില്ല. നിലവിൽ കോഴിക്കോട് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി ഇക്കോട്ടൂറിസം കേന്ദ്രത്തിലെ പഴയ ടിക്കറ്റ് കൗണ്ടർ നവീകരിക്കുന്നതിനും, ഇന്റർപ്രെട്ടേഷൻ സെന്റർ നവീകരിക്കുന്നതിനുമായി സ്റ്റേറ്റ് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയുടെ സെൻട്രലൈസ്ഡ് ഇക്കോ സിസ്റ്റം മാനേജ് മെന്റ് ഫണ്ടിൽ നിന്നും 9.99 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും ആയതിൽ തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ